## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4206** **28/06/2012 ൽ മറുപടിക്ക്**

## കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ : | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ 2011–2013 വർഷം ഹയർസെക്കണ്ടറി കോഴ്സിന് ഒന്നും രണ്ടും വർഷങ്ങളിൽ യഥാക്രമം എത്ര വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്ത് പഠിക്കുന്നു എന്ന് വ്യക്തമാക്കാമോ; | എ) 2011-13 ബാച്ചിൽ ഒന്നാം വർഷത്തിൽ 87,511 വിദ്യാർത്ഥികളും 2010-12 ബാച്ചിലെ രണ്ടാം വർഷത്തിൽ 89,452 വിദ്യാർത്ഥികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ബി) ഓപ്പൺ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടെക്സ്റ്റ്ബുക്ക് വില അടക്കുന്നതിന് നിലവിലുണ്ടായിരുന്ന ചെലാൻ സംവിധാനം പിൻവലിച്ച് ഡി.ഡി. സംവിധാനം ഏർപ്പെടുത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ; | ബി) ഉണ്ട്. വിദ്യാർത്ഥികൾ പാഠപുസ്തക ഫീസായി ചെലാൻവഴി അടയ്ക്കുന്ന തുക കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിലെ പൊതുവായ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുമ്പോഴുണ്ടാകുന്ന സാങ്കേതിക ബുദ്ധിമുട്ട് കണക്കിലെടുത്താണ് പാഠപുസ്തക ഫീസടയ്ക്കുന്നതിന് ഡി.ഡി സംവിധാനം ഏർപ്പെടുത്തിയത്. ഇത്തരത്തിൽ കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിന്റെ പ്രവർത്തന സൗകര്യങ്ങൾ കണക്കിലെടുത്ത് പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനു വേണ്ടി അക്കാദമിക് ജീവനക്കാരുടെയും അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാരുടേയും യോഗം ചേർന്ന് ഉചിതമായ തീരുമാനങ്ങൾ എടുത്ത് ഡയറക്ടർക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങുകയാണ് പതിവ്. |
| സി) ചെലാൻ സംവിധാനത്തിലും, ഡി.ഡി. സംവിധാനത്തിലും പുസ്തക വില അടക്കുന്നതിന് ഒരു വിദ്യാർത്ഥിക്ക് ബാങ്ക് കമ്മീഷൻ ഇനത്തിൽ യഥാക്രമം എത്ര രൂപ വീതം ചെലവു വരുമെന്ന് അറിയിക്കുമോ; | സി) വിദ്യാർത്ഥികൾക്കാവശ്യമായ പുസ്തക വിലയുടെ തുകയ്ക്ക് അനുസരിച്ചാണ് ബാങ്ക് ഡി.ഡി. കമ്മീഷൻ നിശ്ചയിക്കുന്നത്. ചെലനാണെങ്കിൽ ബാങ്ക് കമ്മീഷൻ ഇനത്തിൽ ഒരു ചെലാന് 12/- രൂപ ചെലവ് വരും |

(.....2)

| | | | |
|---|---|---|---|
| ഡി) | വിദ്യാർത്ഥികൾക്ക് സാമ്പത്തിക ബാധ്യത കുറയ്ക്കുന്ന സംവി ധാനം ഏർപ്പെടുത്തുമോ? | ഡി) | വിദ്യാർത്ഥികൾക്ക് ഫീസ് അടയ് ക്കുന്നതിനുള്ള സൗകര്യത്തോടൊപ്പം സാമ്പത്തിക ബാധ്യത കുറയ്ക്കുന്ന ഇക്കാര്യം പരിശോധിച്ച് പരിഗണി ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ